17

## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 — 18.03.2013-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷനാവശ്യമായ മദ്യം

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.സി.കെ.സദാശിവൻ
ശ്രീ.ബാബു എം. പാലിശ്ശേരി
ശ്രീ.പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) ബിവറേജസ് കോർപ്പറേഷനാവശ്യമായ മദ്യം പൊതുമേഖലയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എ) ഇതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നതേയുള്ളൂ.

(ബി) പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ മദ്യം ബിവറേജസ് കോർപ്പറേഷൻ സ്വകാര്യ കമ്പനികളിൽ നിന്നും വാങ്ങുന്നുണ്ട്; പ്രധാനമായും ഏതെല്ലാം കമ്പനികളിൽ നിന്നാണ് ഇപ്പോൾ വാങ്ങുന്നത്; മുൻവർഷം എത്ര തുകയുടെ മദ്യം വാങ്ങുകയുണ്ടായി;

(ബി) ശരാശരി പ്രതിവർഷം 1000 കോടി രൂപയുടെ മദ്യമാണ് ബിവറേജസ് കോർപ്പറേഷൻ സ്വകാര്യ കമ്പനികളിൽ നിന്നും വാങ്ങുന്നത്.

വില്പനയുടെ അടിസ്ഥാനത്തിൽ, ബിവറേജസ് കോർപ്പറേഷൻ, മദ്യം പ്രധാനമായും വാങ്ങുന്നത് ചുവടെ ചേർത്തിരിക്കുന്ന കമ്പനികളിൽ നിന്നാണ്.

| നമ്പർ | കമ്പനികൾ |
|---|---|
| 1. | യുണൈറ്റഡ് സ്പിരിറ്റ്സ്, ചേർത്തല |
| 2. | യുണൈറ്റഡ് സ്പിരിറ്റ്സ്, പാലക്കാട്. |
| 3. | തിലക് നഗർ ഇൻഡസ്ട്രീസ് ലിമിറ്റഡ്, മഹാരാഷ്ട്ര. |
| 4. | അമൃത് ഡിസ്റ്റലറീസ് ലിമിറ്റഡ്, പാലക്കാട് |
| 5. | റാഡിക്കോ കെയ്താൻ ലിമിറ്റഡ്, രാംപൂർ. |
| 6. | കേരളാ ആൽക്കഹോളിക് പ്രോഡക്റ്റ്സ് ലിമിറ്റഡ്, പാലക്കാട്. |
| 7. | യുണൈറ്റഡ് സ്പിരിറ്റ്സ്. കർണ്ണാടക. |
| 8. | ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്, തിരുവല്ല. |
| 9. | സരയാ ഡിസ്റ്റിലറി, ഉത്തർപ്രദേശ്. |
| 10. | യുണൈറ്റഡ് സ്പിരിറ്റ്സ്, കുമ്പളക്കോട്, കർണ്ണാടക. |

2011-12 സാമ്പത്തിക വർഷത്തിൽ, ബിവറേജസ് കോർപ്പറേഷൻ, 1074.93 കോടി രൂപയുടെ ഇന്ത്യൻ നിർമ്മിത വിദേശമദ്യം സ്വകാര്യ മദ്യവിതരണക്കാരിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| (സി) കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിച്ച് നൽകാൻ മദ്യ കമ്പനികൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിച്ചു നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി; ഏറ്റവും ഒടുവിൽ എന്ത് വില വർദ്ധിപ്പിച്ച് നൽകുകയുണ്ടായി; പ്രസ്തുത ആവശ്യത്തിന്മേൽ എന്ത് നിലപാടാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിച്ച് നല്കാൻ മദ്യകമ്പനികൾ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കമ്പനികൾ ക്വാട്ട് ചെയ്യുന്ന വില കോർപ്പറേഷൻ സ്വീകരിക്കുന്ന തരത്തിൽ 'ഫ്രീ പ്രൈസിംഗ്' നടപ്പിലാക്കണമെന്ന് മദ്യകമ്പനികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.<br><br>ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റേയും വൈനിന്റേയും നിലവിലുള്ള ബ്രാൻഡുകൾക്ക്, അവയുടെ 2011-12 സാമ്പത്തിക വർഷത്തിലെ വിലയുടെ 6% വരെ ഉയർത്തിയതോ, 2012-13 സാമ്പത്തിക വർഷത്തിലേക്ക് ക്വാട്ട് ചെയ്ത വിലയോ, ഏതാണോ കുറവ് അത് നല്കുവാനും, പുതിയ ബ്രാൻഡുകളുടെ കാര്യത്തിൽ, 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് ക്വാട്ട് ചെയ്ത വിലയിൽ 5% കുറയ്ക്കുകയുമാണ് ഉണ്ടായത്. ഈ വിലവർദ്ധന 01.08.2012 മുതലാണ് നിലവിൽ വന്നത്.<br><br>2013-14 വർഷത്തെ റേറ്റ് കോൺട്രാക്റ്റ് നിശ്ചയിക്കുന്ന നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. വില വർദ്ധനവ് സംബന്ധിച്ച കമ്പനികളുടെ ആവശ്യത്തിന്മേൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.